# പോലീസ് കേരളം വകുപ്പ്

**No. R1-73561/2016/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 22-03-2018

ലേല പരസ്യം

പോലീസ് ആസ്ഥാനത്തിൻറെ അധീനതയിൽ ഉള്ളതും തിരുവനന്തപുരം എസ് എ പി ക്യാമ്പ് പരിസരത്ത് സ്ഥിതി ചെയ്യുന്നതുമായ സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്ന ഡിപ്പാർട്ട്മെന്റിന് ഉപയോഗമില്ലാത്തതും 50 ബാരലുകളിലായി നിറച്ചിരിക്കുന്നതുമായ 10, 272 ലിറ്റർ വേസ്റ്റ് ഓയിൽ (32 ബാരലുകളിലായി നിറച്ചിരിക്കുന്ന 6622 ലിറ്റർ വേസ്റ്റ് ഓയിലും, 18 ബാരലുകളിലായി നിറച്ചിരിക്കുന്ന 3650 ലിറ്റർ വേസ്റ്റ് ഓയിലും) ബാരൽ ഉൾപ്പെടെ 2018 എപ്രിൽ 10-ന് ചൊവ്വാഴ്ച പകൽ 11 മണിക്ക് സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു.

നിരത ദ്രവ്യം -14, 000/-രൂപ

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതാണ്. കൂടാതെ ടി സാധനം വാങ്ങിക്കുവാൻ ഉദേശിക്കുന്ന വ്യക്തികളിൽ നിന്നും മുൻകൂട്ടി മുദ്രവച്ച കവറിൽ ദർഘാസുകൾ സ്വീകരിക്കുന്നതും അത് നേരിട്ടോ തപാൽ മാർഗ്ഗമോ 2018 ഏപ്രിൽ 07- ന് വൈകിട്ട് 04 മണിക്ക് മുൻപായി പോലീസ് ആസ്ഥാനത്ത് ലഭിക്കത്തക്ക വിധം അയച്ചുതരേണ്ടതുമാണ്. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി മേൽ പറഞ്ഞിരിക്കുന്ന തുകയ്ക്കുതുല്യമായ ഡിമാന്റ് ഡ്രാഫ്റ്റ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും സംസ്ഥാന പോലീസ് മേധാവിയുടെ പേരിൽ വാങ്ങി ഉള്ളടക്കം ചെയ്യേണ്ടതാണ്. ടെണ്ടർ ഫോറം ഓഫിസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 05 മണിക്കും ഇടയിൽ പോലീസ് ആസ്ഥാനത്ത് നിന്നും ലഭിക്കുന്നതാണ്. നിശ്ചിത നിരത ദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്. ടെണ്ടർ കവറിന് മുകളിൽ വേസ്റ്റ് ഓയിൽ ലേലത്തിനുള്ള ടെണ്ടർ എന്നെഴുതി കവർ സീൽ ചെയ്തിരിക്കണം.

പരസ്യ ലേലം അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക രേഖപ്പെടുത്തിയിരിക്കുന്നത് ആ തുകക്ക് യുക്തം എന്ന് തോന്നുന്ന പക്ഷം വിൽപ്പന ബന്ധപ്പെട്ട ആളിന്റെ പേരിൽ നിശ്ചയിക്കുന്നതും ടിയാൻ ഉടൻതന്നെ ലേലം / ദർഘാസ് തുകയും നികുതിയും ഉൾപ്പെടെയുള്ള തുക (നിരത ദ്രവ്യം ഒഴിച്ച്) ലേല സ്ഥലത്ത് വച്ച് അടക്കേണ്ടതുമാണ്. പോലീസ് ആസ്ഥാനത്ത് നിന്നും ഉത്തരവ് ലഭിച്ച് 07 ദിവസത്തിനകം ലേലം / ദർഘാസ് പ്രകാരം ലഭിച്ച സാധനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻതന്നെ മടക്കി ലഭിക്കുന്നതാണ്.

മേൽ പറഞ്ഞ പ്രകാരം ലേലം / ദർഘാസ് കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുകളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും ടി സാധനങ്ങൾ പുനർലേലം ചെയ്യുന്നതും പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതുമാണ്. പുനർലേലത്തിൽ മുൻ വിൽപ്പനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ടിയാന് ആയതിന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്നതും സെൻട്രൽ വർക്ക്ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നതുമായ വേസ്റ്റ് ഓയിൽ ലേലത്തിന് മുൻപുള്ള 10 പ്രവർത്തിദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 05 മണിവരെയുള്ള സമയത്ത് തിരുവനന്തപുരം പോലീസ് ആസ്ഥാനത്തെ മോട്ടോർ ട്രാൻസ്പോർട്ട് പോലീസ് സൂപ്രണ്ടിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം /ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം സംസ്ഥാന പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.



അജിത് കെ
സൂപ്രണ്ട് ഓഫ് പോലീസ്
For State Police Chief

സ്വീകർത്താവ് : സൂപ്രണ്ട് ഗവ. പ്രസ്സ് , തിരുവനന്തപുരത്തിന് 5 പകർപ്പുകൾ,ഗസറ്റഡ് വിജ്ഞാപനത്തിനായി അയയ്ക്കുന്നു. എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചാരണത്തിനായി . A D G P,, S C R B, SP S C R B പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന് , എസ് പി (എം ടി ). പി എച്ച്ക്യുവിനും . ഡി വൈ എസ് പി (എം ടി ), പി എച്ച് ക്യുവിനും, ഡ്യൂട്ടി ഓഫീസർ പി എച്ച് ക്യുവിനും, ഇൻഫെർമേഷൻ ഓഫീസർ പി എച്ച് ക്യുവിനും, അറിവിലേക്കും അനന്തര നടപടികൾക്കായി, കമാണ്ടാന്റ് എസ് എ പി , പി എച്ച് ക്യു ക്യാഷറിന്റെ അറിവിലേക്കും അനന്തരനടപടികൾക്കായി

Internal Administrative Processing System
iAPS
KERALA POLICE